(ബി) ഇത് സംബന്ധിച്ച് അന്വേഷണത്തിന് പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

വിദേശ ഏജൻസിക്കുവേണ്ടി നടത്തിയ സർവ്വേ

14 (288) ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങളിൽ വിദേശ ഏജൻസിക്കു വേണ്ടി അടുത്തകാലത്ത് സർവ്വേ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) എന്തെല്ലാം വിവരങ്ങളാണ് സർവ്വേയിലൂടെ ശേഖരിക്കാൻ ശ്രമിച്ചിട്ടുള്ളത് ;

(സി) സർവ്വേ സംഘത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ : എങ്കിൽ വ്യക്തമാക്കുമോ :

(ഡി) വിവാദ സർവ്വേ സംബന്ധിച്ച് കേന്ദ്ര വിജിലൻസിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ :

(ഇ) ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതിനാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരത്ത് ഫോർട്ട് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കരിമഠം കോളനിയിൽ മുസ്ലീങ്ങളും മറ്റിതര വിഭാഗങ്ങളും തിങ്ങിപ്പാർക്കുന്ന പ്രദേശത്ത് വിദേശ ബന്ധമുള്ള സ്ഥാപനത്തിനുവേണ്ടി സർവ്വേ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മതം, വർഗ്ഗം, തർക്കം, ഭീകരവാദം, സാമ്പത്തികം, ബുദ്ധിമുട്ടുകൾ, രാഷ്ട്രീയം, ദേശീയപ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങളിന്മേലുള്ള ചോദ്യങ്ങളും മുസ്ലീം വിഭാഗങ്ങളോട് മാത്രം ചോദിക്കേണ്ട വിഷയങ്ങളിലുമാണ്. ചോദ്യാവലി തയ്യാറാക്കി വിവരങ്ങൾ ശേഖരിക്കാൻ ശ്രമിച്ചിട്ടുള്ളത്.

(സി) സർവ്വേ സംഘത്തിനെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി സർവ്വേയിൽ ഏർപ്പെട്ടിരുന്ന സോണി സേവ്യർ, ടെൽമാ ജോൺ, മീനാ സ്റ്റാൻലി, സിനിമോൾ എന്നിവർക്കെതിരെയും സർവ്വേക്ക് ചുമതലപ്പെടുത്തിയ TNS India Private Limited, Kochi എന്ന സ്ഥാപനത്തിനെതിരെയും, ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1041/10 u/s 153 (B)&34 IPC പ്രകാരം കേസെടുത്ത് അന്വേഷണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിവാദ സർവ്വേ സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്.

(ഇ) ഇത്തരത്തിലുള്ള സംഭവങ്ങൾ നിരീക്ഷിക്കുന്നതിന് സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർക്ക് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സംഗതിയിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനലേക്കായി റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികളുടെയും സേവനം ഉപയോഗപ്പെടുത്തിവരുന്നു.

തലസ്ഥാനത്ത് നടന്ന സർവ്വേ

15 (289) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് മതസ്പർദ്ധ വളർത്തുംവിധമുള്ള ചോദ്യാവലി ഉപയോഗിച്ച് സർവ്വേ നടത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ വിവരം ശ്രദ്ധയിൽവന്നത് എന്നാണ് ; എന്നുമുതലാണ് അതിന്മേൽ നടപടി സ്വീകരിച്ചത്;

(സി) സർവ്വേ നടത്തിയ രണ്ടുപേരെ നാട്ടുകാർ തന്നെ പോലീസിൽ ഏൽപ്പിക്കുകയുണ്ടായോ;

(ഡി) അവർക്കെതിരെ കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ കേസ് രജിസ്റ്റർ ചെയ്തത് ആരുടെയൊക്കെ പേരിൽ ഏതേത് വകുപ്പ് പ്രകാരമാണ് ; എത്ര കേസ്സുകൾ എടുത്തു;

(ഇ) പ്രസ്തുത സർവ്വേയ്ക്ക് ഉപയോഗിച്ച ചോദ്യാവലിയുടെ ഉള്ളടക്കം എന്തെല്ലാമായിരുന്നു; ഇതിനായി നിയോഗിച്ചവരിൽനിന്നും എന്തെങ്കിലും കുറിപ്പുകളോ രേഖകളോ പിടിച്ചെടുത്തിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം;

(എഫ്) ഈ സർവ്വേയ്ക്കുള്ള അന്തർദ്ദേശീയ ബന്ധത്തെക്കുറിച്ച് എന്നാണ് അറിവ് ലഭിച്ചത്; എവിടെ നിന്ന്;

(ജി) പ്രസ്തുത വിവരം കേന്ദ്ര ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണറിയിച്ചത്;

(എച്ച്) മറ്റ് ജില്ലകളിൽനിന്ന് സമാന സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഐ) കേന്ദ്ര ഗവൺമെന്റിന്റെ പ്രതികരണം എന്താണെന്ന് അറിഞ്ഞിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തലസ്ഥാനത്ത് മതസ്പർദ്ധ വളർത്തുംവിധമുള്ള ചോദ്യാവലി ഉപയോഗിച്ച് സർവ്വേ നടത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1041/10 u/s 153(B) & 34 IPC പ്രകാരം കൊച്ചിയിൽ പ്രവർത്തിക്കുന്ന TNS India Ltd. എന്ന കമ്പനിക്കെതിരെയും സർവ്വേയ്ക്കായി നിയോഗിച്ചിരിന്ന സോണി സേവ്യർ, ടെൽമാ ജോൺ, മീനാ സ്റ്റാൻലി, സിനിമോൾ എന്നിവരുടെ പേരിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly